ശബരിമല സംഭവം

*൨൭൯. (൭൮) ശ്രീ. എസ്സ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രം തീവെച്ചതു സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായോ;

(ബി) അതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ;

(സി) അതു സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായില്ലെങ്കിൽ അതിലേക്ക് എത്രകാലംകൂടി വേണമെന്നു പറയാമോ;

(ഡി) പ്രസ്തുത അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ ആരു; ആ ഉദ്യോഗസ്ഥൻ ഇവിടത്തെ പബ്ലിക് സർവ്വീസിൽ സ്ഥിരലാവണമുള്ള ആളാണോ; അല്ലെങ്കിൽ അദ്ദേഹത്തെ മറ്റേതെങ്കിലും ഗവൺമെണ്ടിൽ നിന്നും കടം എടുത്തിരിക്കുകയാണോ;

(ഇ) അങ്ങിനെയാണെങ്കിൽ അതു് എത്ര കാലത്തേക്കു;

(എഫ്) അദ്ദേഹം സേവിച്ചിരുന്ന ഗവൺമെണ്ടിൽ അദ്ദേഹത്തിന്റെ സ്ഥിരം ഉദ്യോഗം എന്തായിരുന്നു.

(ജി) ഇവിടെ അദ്ദേഹത്തെ ആദ്യമായി എന്തു ഉദ്യോഗത്തിലാണ് നിയമിച്ചതു;

(എച്ച്) ഇവിടെ അദ്ദേഹത്തിനു് ഇപ്പോൾ എന്തു് ഉദ്യോഗമാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഇല്ല.

(ബി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

(സി) അന്വേഷണം പൂർത്തിയാകാൻ എത്രകാലം വേണ്ടിവരുമെന്നു് ഖണ്ഡിതമായി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(ഡി) & (ഇ) ശ്രീ. കെ. കേശവമേനോൻ. അദ്ദേഹത്തിനു് ഇവിടെ സ്ഥിരലാവണമില്ല. അദ്ദേഹത്തിന്റെ സർവ്വീസു് മദ്രാസ്സു് പോലീസിൽനിന്നും ഒരു വർഷത്തേക്കു കടമായിട്ടു് എടുത്തിരിക്കുകയാണു്.

(എഫ്) മദ്രാസിൽ ഡെപ്യൂട്ടി പോലീസു് സൂപ്രണ്ടായിരുന്നു.

(ജി) ആദ്യമായി ഇവിടെ എ. ഐ. ജി.യുടെ ജോലികൾ നോക്കാൻ നിയമിച്ചു.

(എച്ച്) ഇപ്പോൾ അദ്ദേഹം ശബരിമല കേസ്സന്വേഷണത്തിനു പ്രത്യേകമായി ഡെപ്യൂട്ടു ചെയ്തിരിക്കുകയാണു്.

ശബരിമലസംഭവം

*൨൭൦. (൭൯) ശ്രീ. എസ്സ്. കുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ശബരിമല ക്ഷേത്രം തീവെച്ചതു സംബന്ധിച്ചുള്ള കേസ്സു് അന്വേഷണത്തിനു് മി. മേനോനെ ആദ്യമായി എപ്പോഴാണു് ചുമതലപ്പെടുത്തിയതു; അതുസംബന്ധിച്ചുള്ള സ്പെഷ്യൽ ഡ്യൂട്ടിയിൽ അദ്ദേഹത്തിന്റെ കീഴിൽ എത്ര സിൽബന്ധികളേക്കൂടി എടുത്തിട്ടുണ്ടു;

(ബി) പ്രസ്തുത അന്വേഷണത്തിനു് ഇതുവരെ എത്ര രൂപാ ചെലവായിരിക്കും.

(സി) അന്വേഷണം പൂർത്തിയാകാത്തതിൽ വിശേഷാൽ കാരണം വല്ലതും ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ അന്വേഷണത്തിനു് ഇവിടത്തെ സർവ്വീസിൽ പ്രാപ്തരായ ഉദ്യോഗസ്ഥന്മാർ ഇല്ലാത്തതുകൊണ്ടാണോ അദ്ദേഹത്തെ വരുത്തിയതു്;

(ഇ) ഈ അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥന്റെ ഏപ്പാടനുസരിച്ചു് ശബരിമല തീവയ്പ്പുസംബന്ധിച്ചുള്ള സത്യാവസ്ഥ അറിയുന്നതിനു് ഒരു പ്രശ്നക്കാരനെ സമീപിച്ചോ; പ്രശ്നക്കാരൻ കേസ്സു് തെളിയിച്ചോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉ—ൻ—ഫ ൻ ൽ ഠ ം-ലാണു്. രണ്ടു് ഇൻസ്പെക്ടറന്മാരെയും ഏതാനും ഹെഡ്കാൺസ്റ്റബിൾസിനേയും പോലീസുകാരേയും.

(ബി) ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

(സി) വിജനപ്രദേശത്തു നടന്ന ഒരു സംഭവമാകയാൽ തെളിവുകൾ ശേഖരിക്കുന്നതിനും മറ്റും കാലതാമസം ഉണ്ടാകുന്നതാണു്.

(ഡി) അല്ല.

(ഇ) ഇല്ല.

ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാർ

*൨൪൬. (൨൫) ശ്രീ. ആൽബർട്ടു് ലോപ്പസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡസ്ട്രിയൽ സ്കൂൾ അദ്ധ്യാപകന്മാക്കു് ഇപ്പോണ്ടിൽ എത്ര രൂപ വീതമാണു് സഹായധനം നൽകുന്നതു്;

(ബി) ഇപ്പോൾ കൊടുത്തുവരുന്ന സഹായധനം വളരെ കുറവാണെന്നും പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്കു് കൊടുക്കുന്ന തോതനുസരിച്ചെങ്കിലും കൂട്ടി കിട്ടണമെന്നു അവർ ബഹുമാനപ്പെട്ട ഗവണ്മെണ്ടിലേക്കു് നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

വ്യവസായവും എക്സൈസും സഹായം ഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) തിരുവിതാംകൂർ വിഭാഗത്തിലെ ഇൻഡസ്ട്രിയൽ അദ്ധ്യാപകന്മാക്കു് ഫ ന രൂപ ര ണ. വീതം സഹായധനം നൽകുന്നുണ്ടു്. എന്നാൽ ടെക്നിക്കൽ എഡ്യുക്കേഷൻ കോഡിന്റെ പരിധിയിൽ പെടാത്ത ഏതാനും സ്ഥാപനങ്ങൾക്കു് ക്ലാസൊന്നിനു് ഫ ൭ രൂപ ഫ ണ. വീതവും ഗ്രാൻറു് നൽകുന്നുണ്ടു്. കൊച്ചി വിഭാഗത്തിൽ മാസംതോറും ഒരു മൊത്തുക (monthly lump sum grant) ഓരോ ഗ്രാൻറു് സ്കൂളിലേക്കും കൊടുത്തുവരുന്നതല്ലാതെ ഓരോ അദ്ധ്യാപകന്മാക്കും പ്രത്യേകമായ സഹായധനം കൊടുക്കുന്നില്ല.

(ബി) സംയോജനത്തിനുശേഷം കൊച്ചി വിഭാഗത്തിൽനിന്നും ഇപ്രകാരം ഒരു നിവേദനം സമർപ്പിച്ചിട്ടുള്ളതായി അറിവില്ല. എന്നാൽ തിരുവിതാംകൂർ വിഭാഗത്തിൽനിന്നും ഇതിലേക്കു് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളതും അയയ്ക്കുന്നതു് ഗവണ്മെണ്ടിന്റെ പരിശോധനയിൽ ഇരിക്കുന്നതുമാകുന്നു.

AMOUNT SPENT FOR CASES

*282. [82] **Sri. T. P. Sitaraman:** Will the Hon'ble Chief Minister be pleased to state.—

(a) how much amount the Government have spent so far for the Damodaran Case; and

(b) for the Sitaram Case?

LIBRARY ARCHIVES Kerala Legislative Assembly